(ഡി) ചേർപ്പ് ഗവൺമെന്റ് വി.എച്ച്.എസ്. ഹൈസ്കൂളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(ബി) ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(സി) ലഭിച്ചിട്ടില്ല.

(ഡി) അപേക്ഷ ലഭിക്കുകയാണെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്രീ-പ്രൈമറി ബിൽ അവതരിപ്പിക്കാൻ നടപടി

117 (1250) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന എത്ര പ്രീ-പ്രൈമറി സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രീ-പ്രൈമറിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രീ-പ്രൈമറി ബിൽ അവതരിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ഇ) പുതിയ സാമ്പത്തിക വർഷത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി നിശ്ചിത തുക ബഡ്ജറ്റിൽ വക കൊള്ളിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 250 സ്കൂളുകളിൽ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) പ്രസ്തുത ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയാണ്. സെലക്ട് കമ്മിറ്റി പൊതുജനാഭിപ്രായം സ്വരൂപിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) പ്രീ-പ്രൈമറി വിദ്യാഭ്യാസ ചെലവുകൾ മുഴുവനും അതാതു സ്കൂളിലെ പി.ടി.എ. ആണ് നിർവഹിക്കുന്നത്.

ഹയർ സെക്കന്ററി സ്കൂളുകളിലെ എൽ.പി. വിഭാഗം വേർപെടുത്താൻ നടപടി

118 (1251) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly